©
Government of Kerala
1980

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXV] Trivandrum, Saturday 24th May 1980 / 3rd Jyaistha 1902 (Saka) [No. 355

1961 ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ററിലെ 6-ാം വകുപ്പു പ്രകാരമുള്ള പരസ്യം

താഴെ പറയുന്ന സർവെ നമ്പർകളിൽപ്പെടുന്ന ഭൂമികളുടെ സർവെ നടത്തണമെന്നു ഗവൺമെൻറു നിർദ്ദേശിച്ചിരിക്കുകയാൽ ഈ വില്ലേജിൽ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെ പറയുന്ന വില്ലേജിലെ താഴെ പറയുന്ന സർവെ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ററിലെ 6(1)-ാം വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു. താഴെപറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അവയോടു ചേർന്നോ സ്ഥിതി ചെയ്യുന്ന റജിസ്ററർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജൻറു മുഖേനയോ സ്ഥലത്തു ജോലി ചെയ്യുന്ന സർവ്വേയരുടെ അടുത്തു ഹാജരാകുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതോടു ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതാതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

പ്രസ്തുത ആക്ററിലെ 6(2) എന്ന വകുപ്പുപ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്;

പ്രസ്തുത ആക്ടിലെ 6(3)-ാംവകുപ്പ് പ്രകാരം റജിസ്ററർ ചെയ്ത എല്ലാ കൈവശക്കാരും:-

(എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുററിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മററു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്തു അതിരുകളോ മററു ലൈനുകളോ വെടിപ്പാക്കണമെന്നും

(ബി) കൊടിപിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതതുസമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മററു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ററിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

(1)

No. B2-444/80. 19*th May* 1980.

ഭൂമിയുടെ വിശദവിവരങ്ങൾ
(ബ്ലോക്ക് നമ്പർ—191)

ഡിസ്ട്രിക്റ്റ്—എറണാകുളം.
താലൂക്ക്—ആലുവാ.
വില്ലേജ്—കോതകുളങ്ങര തെക്ക്.
സർവ്വെ നമ്പർ—344.

(2)

No. B1-455/80. 19*th May* 1980.

ഭൂമിയുടെ വിശദവിവരങ്ങൾ
(ബ്ലോക്ക്—192)

ഡിസ്ട്രിക്റ്റ്—തൃശ്ശൂർ.
താലൂക്ക്—തലപ്പിള്ളി.
വില്ലേജ്—പാർളിക്കാട്.
സർവ്വെ—409, 411.

(Sd.)

Special Tahsildar, (L. A.)
Railways, Trichur-3.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS.
TRIVANDRUM 1980.